**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ ജമ്മു & കാശ്മീരിൽ വെച്ച് മരണപ്പെട്ട നായിബ് സുബേദാർ സി.പി.ഷിജിയുടെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.51/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം: 25.11.2022**

---

പരാമർശം:-
1. സ.ഉ.(പി)നം.450/1999/പൊ.ഭ.വ തീയതി, 29.06.1999.
2. സ.ഉ.(എം.എസ്)നം.434/01/പൊ.ഭ.വ തീയതി, 15.11.2001.
3. സ.ഉ.(എം.എസ്)നം.14/2012/പൊ.ഭ.വ തീയതി, 17.01.2012.
4. സൈനിക ക്ഷേമ ഡയറക്ടറുടെ 19.08.2022 ലെ ബി-6/96366/CMSWF/2022/DSW നമ്പർ കത്ത്.

## ഉത്തരവ്

ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സൈനിക സേവനത്തിനിടെ ജമ്മു & കാശ്മീരിൽ വെച്ച് മരണപ്പെട്ട നായിബ് സുബേദാർ സി.പി.ഷിജിയുടെ ഭാര്യ ശ്രീമതി സരിത എൻ.കെ., മാതാവ് ശ്രീമതി ശോഭന എന്നിവർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 4 പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത നിർദ്ദേശം ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശം 1-3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. നായിബ് സുബേദാർ സി.പി.ഷിജിയുടെ മരണം OP RAKSHAK -ന്റെ ഭാഗമായി 04.05.2021-ൽ ജമ്മു & കാശ്മീരിലെ ദ്രാസ് സെക്ടറിലെ ലൈൻ ഓഫ് കൺട്രോളിൽ വച്ച് ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും, പ്രസ്തുത അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആയി അംഗീകരിച്ചിട്ടുള്ളതും, ബാറ്റിൽ കാഷ്വാലിറ്റി ആയി മിലിട്ടറി അധികാരികൾ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

3. സൈനിക സേവനത്തിനിടെ മരണപ്പെട്ട നായിബ് സുബേദാർ സി.പി.ഷിജിയുടെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും 10,00,000/- രൂപ സാമ്പത്തിക സഹായത്തിന് അർഹതയുള്ളതാണ്.

മരണപ്പെട്ട സൈനികന്റെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും 50,000/- രൂപ അടിയന്തരധനസഹായം വിതരണം ചെയ്തിട്ടുള്ളതുമാണ്.

4. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ ജമ്മു & കാശ്മീരിൽ വെച്ച് മരണപ്പെട്ട നായിബ് സുബേദാർ സി.പി.ഷിജിയുടെ പേരിൽ ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും ലഭിക്കുവാനുള്ള പത്ത് ലക്ഷം രൂപയിൽ നിന്നും അടിയന്തരധനസഹായമായി അനുവദിച്ച 50,000/- രൂപ കിഴിച്ച് ബാക്കി തുകയായ 9,50,000/- രൂപ; ടിയാന്റെ ഭാര്യ ശ്രീമതി സരിത എൻ.കെ. യ്ക്ക് **7,00,000/- രൂപയും (ഏഴ് ലക്ഷം രൂപ മാത്രം)**, മാതാവ് ശ്രീമതി ശോഭനയ്ക്ക് **2,50,000/- രൂപയും (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** എന്ന നിരക്കിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി സരിത എൻ.കെ. (സരിത) യുടെ **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൽപ്പറ്റ ശാഖയിലുള്ള അക്കൗണ്ട് നം. 40178511107 (IFSC - SBIN0070192)** -ലേയ്ക്കും, മാതാവ് ശ്രീമതി ശോഭനയുടെ **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈനാട്ടി ശാഖയിലുള്ള അക്കൗണ്ട് നം. 10738283327 (IFSC - SBIN0003035)** -ലേയ്ക്കും ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി.സരിത എൻ.കെ., പണിക്കശ്ശേരി വീട്, കരുവൻതോട്, പൊഴുതന പി.ഒ., വയനാട്, വൈത്തിരി, കേരള - 673 575.
4. ശ്രീമതി ശോഭന, പണിക്കശ്ശേരി വീട്, പൊഴുതന പി.ഒ., വൈത്തിരി, വയനാട്, കേരള - 673 575.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ